# തകർന്ന മസ്ജിദും പിളർന്ന മനസ്സും

വി.എച്ച്.ദിരാർ

ഒരു സംഭവം മനുഷ്യമനസ്സിനെ എങ്ങനെ മാറ്റിമറിക്കുന്നു എന്നതിന്റെ വ്യക്തമായ അടയാളം എനിക്ക് ലഭിച്ചത് 1992 ഡിസംബർ ഏഴിനാണ്. ബാബറി മസ്ജിദ് തകർത്തതിന്റെ പിറ്റേദിവസം. കർസേവകർ ബാബറി മസ്ജിദ് പൊളിച്ചതിനെപ്പറ്റിയുള്ള വാർത്തകൾ അന്ന് വൈദ്യുതവേഗത്തിൽ പ്രവഹിക്കുകയായിരുന്നു. എനിക്ക് വേണ്ടപ്പെട്ട ആരോ മരിച്ചതുപോലെയായിരുന്നു ആ ദിവസം. സമയത്തിന് കുളിക്കാനായില്ല; ഭക്ഷണം കഴിക്കാനായില്ല. ആകെ ഒരു അങ്കലാപ്പ്. കത്തിയമരുന്ന ഒരു ഇന്ത്യയുടെ, നിലവിളിക്കുന്ന ഒരു ഇന്ത്യയുടെ ഉത്കണ്ഠാജനകമായ ചിത്രമായിരുന്നു മനസ്സിൽ.

വൈകുന്നേരം പതിവുപോലെ ഞാൻ സുഹൃത്തുക്കളുമായി ഒത്തുകൂടി. ചർച്ച സ്വാഭാവികമായും ബാബറി മസ്ജിദിൽ തറച്ചുനിന്നു. പക്ഷെ, ചർച്ചയിൽ ഉള്ളഴിഞ്ഞ് പങ്കെടുക്കാൻ എന്തോ ഒരു മനഃപ്രയാസം. ഒരു പന്തികേട്. വാക്കുകൾ വളരെ ശ്രദ്ധിച്ചും അളന്നുമുറിച്ചുമാണ് ഞാൻ സംസാരിച്ചത്. എന്റെ സുഹൃത്തുക്കളെല്ലാം ഹിന്ദുക്കളാണ്. ഞാൻ മുസ്ലിമും. ഞങ്ങളാരും മതവിശ്വാസികളായിരുന്നില്ല. കുട്ടിക്കാലംമുതലേയുള്ള ഞങ്ങളുടെ കൂട്ടുകെട്ടിൽ മതത്തിന് പ്രത്യേകിച്ച് ഒരു ഊഴവും ഉണ്ടായിരുന്നില്ല. എന്തു വിഷയവും ഉള്ളുതുറന്ന്, സംശയലേശമെന്യേ ചർച്ച ചെയ്തവരാണ് ഞങ്ങൾ. അഭിപ്രായ വ്യത്യാസങ്ങളെയും വിമർശനങ്ങളെയും ആ അളവിൽ മാത്രം ഞങ്ങൾ ഉൾക്കൊണ്ടു. കാരണം അവയ്ക്കെല്ലാം ഉപരിയായി ഞങ്ങൾ നല്ല സുഹൃത്തുക്കളായിരുന്നു. പക്ഷെ, ഡിസംബർ ഏഴിന്റെ സായാഹ്നത്തിലും തുടർന്നുള്ള ദിവസങ്ങളിലും എന്തോ ചില അപരിചിതമേഖലകൾ ഞങ്ങൾക്കിടയിൽ വ്യാപിക്കുന്നതായി എനിക്ക് തോന്നി. മസ്ജിദ് തകർത്തതിലുള്ള എന്റെ വിമർശനം ഉന്നയിച്ചാൽ സുഹൃത്തുക്കൾ എന്നെ തെറ്റിദ്ധ-




രിക്കുമോ എന്ന് ഞാൻ ചിന്തിക്കാൻ തുടങ്ങി. ഞാൻ അറിയാതെ എന്റെ മനസ്സ് മുസ്ലിം പക്ഷപാതത്തിലേക്ക് എന്നെ നയിക്കുന്നുണ്ടോയെന്നൊരാശങ്കയും. അവരുടെ അഭിപ്രായങ്ങളെയും ഞാൻ പതിവിലേറെ കുത്തിക്കീറി പരിശോധിച്ചു. സംശയദൃഷ്ടിയോടെ നിരീക്ഷിച്ചു. തുടർന്ന് ഇങ്ങനെ സംശയിച്ചുപോയല്ലോ എന്ന വേവലാതി. നാളതുവരെ ഞങ്ങൾക്കു വെളിയിലായിരുന്ന മതം ഞങ്ങളെ തീരുമാനിക്കാൻ തുടങ്ങുകയായിരുന്നു. മനുഷ്യസമൂഹത്തെ മുറിച്ചിടുകയും തമ്മിലടിപ്പിക്കുകയും ചെയ്ത മതത്തിന്റെ മുഴുവൻ വൈകല്യങ്ങളെയും ഒരുപോലെ എതിർത്തുപോന്ന ഞങ്ങൾക്കിടയിൽ എത്രപെട്ടെന്നാണ് മതം ഒരു ശക്തമായ സാന്നിധ്യമായത്; ഒരു വികാരമായത്; ഞാൻ മുസ്ലിമും അവർ ഹിന്ദുക്കളുമാണെന്ന് ഓർമിപ്പിച്ചത്. അഭിപ്രായത്തേക്കാൾ അത് പറയുന്നവന്റെ മതത്തിലേക്ക് മനസ്സ് പാഞ്ഞുകേറിയത്.

മതം വിശ്വാസിയെ മാത്രമല്ല; അവിശ്വാസിയെയും പിടികൂടും. വർഗീയസംഘർഷങ്ങളുടെ വിഷയം അതാണ്. മതവിശ്വാസികൾ വളരെ പെട്ടെന്ന് വർഗീയനിലപാടുകളിലെത്തിപ്പെടുന്നു. സംശയിച്ചുനില്ക്കുന്നവർ വൈകാതെ അവരെ പിൻതുടരുന്നു. അവിശ്വാസികൾ സ്വയം സംശയിച്ചും മറ്റുള്ളവരെ സംശയിച്ചും മതത്തിന്റെ ഇരകളായിതീരുന്നു.

ആഴത്തിൽ, വളരെ നിശ്ശബ്ദമായി മനുഷ്യമനസ്സുകളിൽ ഈ ധ്രുവീകരണം തുടർന്നുകൊണ്ടിരിക്കുന്നു. സമൂഹത്തിന്റെ മുഖ്യമായ ശാക്തികസംഘർഷമേഖലകൾ ഇതാണെന്ന് വ്യക്തികൾ അവരറിയാതെ തന്നെ കണ്ടെത്തുന്നു. മതസംഘർഷത്തിന്റെ ഒരു പ്രത്യേകതയാണത്. ഒരല്പം മനസ്സിൽ കയറിയാൽ മതി പിന്നെ അത് സ്വയം പ്രവർത്തിച്ചുകൊള്ളും. ഒന്നുകിൽ കയറിപ്പറ്റിയ വ്യക്തിയെ ഇരയാക്കുംവരെ അല്ലെങ്കിൽ മറ്റൊരാളെ ഇരയായി ലഭിക്കുംവരെ അത് പ്രവർത്തനക്ഷമമായിരിക്കും.